# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ളിക്ക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)*

**(ഹാജർ: സി.എ.ലത ഐ.എ.എസ്)**

---

**തീയതി: 28/10/19**

**എൽ.ആർ.എം(2)- 17527/19**

---

വിഷയം: ബഡ്ജറ്റ് എസ്റ്റിമേറ്റ്- 2019-20, കൊല്ലം ജില്ല - പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ വികസന ഫണ്ട്- നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:
1. സർക്കാരിന്റെ 25/04/19 ലെ 34/2019/Fin നം. സർക്കുലർ.
2. SFO യുടെ 09/05/19 ലെ FB(A1) 14096/19 നം.അർദ്ധ ഔദ്യോഗിക കുറിപ്പ്.
3. കൊല്ലം ജില്ലാ കളക്ടറുടെ 05/08/2019 ലെ DCKLM/5447/ 2019-E3 നം. കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 01/10/2019 ലെ DCKLM/5447/ 2019-E3 നം. കത്ത്.

സൂചന(1) പ്രകാരം സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ താലൂക്കോഫീസുകൾക്ക് ' 2053-00-094-99-67-NP-V' ശീർഷകത്തിൽ 6,16,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്.

കൊല്ലം ജില്ലയിലെ താലൂക്കോഫീസുകളിൽ പൊതു ജനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ 25,62,278 രൂപയുടെ എസ്റ്റിമേറ്റ് സഹിതം സൂചന (3),(4) പ്രകാരം ജില്ലാ കളക്ടർ ശുപാർശകൾ ഹാജരാക്കിയിട്ടുള്ളതാണ്.

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടി ആവശ്യങ്ങൾക്കായി മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും കൊല്ലം ജില്ലാ കളക്ടർ പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നു ലഭിച്ച എസ്റ്റിമേറ്റുകൾ ഹാജരാക്കിയിട്ടുള്ളതിനാലും, ടി ജില്ലയിലെ വിവിധ താലൂക്കോഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കായുള്ള പദ്ധതികളുടെ നടത്തിപ്പിലേക്കായി 2053-00-094-99-67-NP-V എന്ന ശീർഷകത്തിൽ നിന്നും 25,62,278 രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാലുത്തരവാകുന്നു.

ഒപ്പ്/-

***കമ്മീഷണർ***

പകർപ്പ്:-

1. ജില്ലാ കളക്ടർ- കൊല്ലം
2. സീനിയർ ഫിനാൻസ് ഓഫീസർ
3. കമ്മീഷണറുടെ സി.എ
4. ജോയിന്റ് കമ്മീഷണറുടെ സി.എ
5. FB (A1)
6. നോഡൽ ഓഫീസർ IT സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്